

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തരിയോട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യു.വൈ.ഡി-പി1-828/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 17/10/2023
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തരിയോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും അതുസംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ

ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപസ).
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്ല്യു.വൈ.ഡി-പി1-828/2023

തീയ്യതി: 17/10/2023

വയനാട് ജില്ലയിലെ തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് നേതൃത്വം നൽകിയ ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. അഖിലാമോഹൻ. കെ.എ. എസ്	ഡെപ്യൂട്ടി ഡയറക്ടർ	21-08-2023	05-09-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
21-08-2023	05-09-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. കെ ശശീന്ദ്രൻ, ഓഡിറ്റ് ഓഫീസർ

ശ്രീ. അലി അക്ബർ കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ഇന്ദു കെ നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. അനിൽ ജോസ് ഡൊമിനിക്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ഷിബു. വി.ജി	പ്രസിഡന്റ്	01-04-2022	31-03-2023
ശ്രീ. ലതിക. എം,ബി	സെക്രട്ടറി	01-04-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. വിൻസെന്റ് ജോർജ്ജ്	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	01-04-2022	31-03-2023
ശ്രീ. ശ്രീനാഥ്. ബി	മെഡിക്കൽ ഓഫീസർ ഹോമിയോ	01-04-2022	31-03-2023
ശ്രീ. സ്മിതാ ഹരിശങ്കർ	മെഡിക്കൽ ഓഫീസർ ,ആയുർവേദം	01-04-2022	31-03-2023
ശ്രീ. സീന. കെ.എം	വെറ്റിനറി സർജ്ജൻ	01-04-2022	31-03-2023
ശ്രീ.സിസിലി. എം.എം	ICDS സൂപ്പർവൈസർ	01-04-2022	31-07-2022
ശ്രീ.ടിന്റു കര്യൻ	ICDS സൂപ്പർവൈസർ	01-08-2022	31-03-2023
ശ്രീ. ശ്രീഷ്മ. എസ്	അസി.എഞ്ചിനിയർ	01-04-2022	28-07-2022
ശ്രീ.സംഗീത്. ആർ	അസി.എഞ്ചിനിയർ	29-07-2022	03-01-2023
ശ്രീ. കെ.ബി.സുബാഷ്	അസി.എഞ്ചിനിയർ	04-01-2023	05-03-2023

ശ്രീ.ജോർജ്ജ്.കെ.ഇ	അസി.എഞ്ചിനിയർ	06-03-2023	31-03-2023
ശ്രീ. ഇമ്മാനുവൽ. കെ.സി	ഹെഡ് മാസ്റ്റർ	01-04-2022	31-03-2023
ശ്രീ.റോസ് മേരി ജോസ്	വി.ഇ.ഒ	01-04-2022	12-09-2022
ശ്രീ.ജിന്റ ആന്റണി	വി.ഇ.ഒ	13-09-2022	18-10-2022
ശ്രീ. സുബാഷ്. എൻ.വി	വി.ഇ.ഒ	19-10-2022	31-03-2023
ശ്രീ.ജയരാജൻ. എം	കൃഷി ഓഫീസർ	01-04-2022	31-03-2023
ശ്രീ.സരിത. എസ്	ഫിഷറീസ് ഓഫീസർ	01-04-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല.	1-1-2
4	ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.	1-1-3
5	പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.	1-1-4
6	BankReconciliation Statement ൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.	1-1-5
7	ചെക്ക് നിക്ഷേപിച്ച-ബാങ്കിൽ ക്രെഡിറ്റ് ആയില്ല.	1-1-6
8	വാർഷിക കണക്കുകളിലെ തുകകളും അനാദ് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.	1-1-7
9	വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ Other Registers രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല	1-1-8
10	സമയബന്ധിതമായി ഡിമാന്റ് എൻടികൾ രേഖപ്പെടുത്തുന്നില്ല	1-1-9
11	ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.	1-1-10
12	ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.	1-1-11
13	ഡെപ്പോസിറ്റ് പ്രവർത്തിക്ക് നൽകിയ തുക അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയില്ല	1-1-12
14	ധനമാനേജ്മെന്റ് മാന്വലിലെ നടപടിക്രമങ്ങൾ അനുവർത്തിച്ച് ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.	1-2-1
15	ബജറ്റ്	1-2
16	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം)	1-3
17	ഫണ്ട് വിനിയോഗം (ACR പ്രകാരം) 2022-23	1-4
18	പദ്ധതി അവലോകനം	1-5

19	മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2022-23	1-6
20	തനീവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.	1-7
21	ആഭ്യന്തര നിയന്ത്രണം	1-8-0
22	കൃഷ് ബാലൻസ് പരിശോധന	1-8-1
23	സ്റ്റാന്റിംഗ് കമ്മറ്റി വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്,	1-9
24	തരിയോട് ഗ്രാമപഞ്ചായത്ത് പരിധിയിലെ താള് റിസോർട്ടിന് നികുതി നിർണയിച്ചതിൽ സ്വിമ്മിങ് പൂളിന്റെ വിസ്തീർണം ഉൾപ്പെടുത്തിയില്ല- ഗ്രാമപഞ്ചായത്തിന് 10523 രൂപയുടെ നികുതി നഷ്ടം	1-10
25	ഡി.ടി.പി.സി ക്ക് കൈമാറിയ സ്ഥലത്തെ സംബന്ധിച്ച് കരാർ ചമയ്ക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്.	1-11
26	ഗ്രാമപഞ്ചായത്ത് പരിധിയിലെ പല കെട്ടിടങ്ങളുടെയും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല	1-12
27	കെൽസ വെൽനസ് എന്ന കെട്ടിടത്തിന് നമ്പർ അനുവദിച്ചത് സംബന്ധിച്ച അസി.എഞ്ചിനീയറുടെ പരിശോധന റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.	1-13
28	ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകതകൾ	1-14
29	ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ	1-15
30	ഗ്രാമപഞ്ചായത്തിൽ പൊതുമരാമത്ത് ജോലികൾ നിർവ്വഹിച്ച കോൺട്രാക്ടർമാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.	1-16
31	കൃത്യതയുള്ള ടേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന് തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നീ വരവിനങ്ങൾ പൂർണ്ണമായും ഡിമാന്റ് ചെയ്ത് ഈടാക്കാൻ സാധിക്കുന്നില്ല.	1-17
32	വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല	1-18
33	ടാക്സ് ഓഡിറ്റ്	1-19
34	പൂരകപോഷകാഹാര പദ്ധതി - സർക്കാർ അനുമതിയില്ലാതെ പ്രത്യേക പോഷകാഹാര മിശ്രിതം വിതരണം നടത്തി.	1-20
35	അംഗൺ വാടി അനുപൂരക പോഷകാഹാരം (ജനറൽ)-ബില്ലിലുള്ള മുഴുവൻ സാധനങ്ങൾ വിതരണം ചെയ്തിട്ടില്ല.	1-21
36	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്- രജിസ്റ്റർ സൂക്ഷിക്കുന്നില്ല.	1-22

37	കുമായൂല അംഗൺവാടി നിർമ്മാണം ബിൽ ത്രുക കൈമാറൽ - അധികം ത്രുക നൽകി	1-23
38	കണ്ടിലഞ്ഞാടി അംഗൺവാടി വാട്ടർ കണക്ഷൻ -₹66,573.00 പാഴ്ചെലവ്	1-24
39	പ്രവർത്തിക്കാത്ത പകൽ വീടിന്റെ ടോയിലറ്റ് നവീകരിച്ച - ₹ 1,04,189.00 തടസ്സപ്പെടുത്തുന്നു.	1-25
40	കുമായൂല അംഗൺവാടി നിർമ്മാണം ബിൽ ത്രുക കൈമാറൽ - ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല-₹ 8,52,507.00 തടസ്സത്തിൽ വെക്കുന്നു.	1-26
41	മരുന്ന് പൂർണ്ണമായും ലഭ്യമായില്ല	1-27
42	ക്രമീകരിക്കാത്ത അഡ്വാൻസ് ത്രുക പലിശ സഹിതം ഈടാക്കേണ്ടതാണ്	1-28
43	മരണപ്പെട്ട പെൻഷൻ ഗുണഭോക്തൃക്കളുടെ പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് യഥാസമയം നീക്കം ചെയ്യാത്തതിനാൽ സർക്കാരിന് ധനനഷ്ടം സംഭവിക്കുന്നു.	1-29
44	പട്ടികജാതി പട്ടിക വർഗ്ഗ മേഖലയിലെ പ്രത്യേക പദ്ധതികൾക്കുവേണ്ടി ലഭിച്ച കോർപ്പസ് ഫണ്ട് വിനിയോഗിക്കാതെ തിരിച്ചടച്ചു.	1-30
45	എസ്.റ്റി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് നൽകൽ പ്രോജക്ട്- അപാകതകൾ	1-31
46	കടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ നീട്ടൽ-പദ്ധതി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-ചെലവ് ത്രുക ₹ 19,17,500.00 തടസ്സത്തിൽ വെക്കുന്നു.	1-32
47	വാട്ടർ അതോറിറ്റിയുമായി സംയുക്തപരിശോധനയിലൂടെ പ്രവർത്തനക്ഷമമായ വാട്ടർ ടാപ്പുകളുടെ എണ്ണം നിർണ്ണയിക്കേണ്ടതാണ്.	1-33

ഭാഗം 2

--- No Records Found ---

ഭാഗം 3

1	അംഗൺ വാടി അനുപൂരക പോഷകാഹാരം (ജനറൽ)-7,812/- രൂപയുടെ സാധനങ്ങൾ വിതരണം ചെയ്തിട്ടില്ല.	3-1
2	കുമായൂല അംഗൺവാടി നിർമ്മാണം ബിൽ ത്രുക കൈമാറൽ - 3174/- രൂപ അധികം ത്രുക നൽകി	3-2

ഭാഗം 4

1	വാർഷികധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ ത്രുകയുടെ വിവരങ്ങൾ	4-3

4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ	4-4
5	വായ്പ വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപങ്ങളുടെ വിവരം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യാവലോകനം	4-10
11	തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	Abstract Of Annual Financial Statments	

ഭാഗം –I

പൊതു അവലോകനം

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുഛേദങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല(കേരള പഞ്ചാ അക്കൗണ്ട് ചട്ടങ്ങൾ ,2011 , ചട്ടം 62 (എഫ്)).

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അ ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർ പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27.06.2023 ലെ 1/1 -3ം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം 0 27.06.2023 തീയതിയിൽ പിള്ളണയ്യന്നൂർ ഹോളുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തരിയോട് ഗ്രാമപഞ്ച മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാ ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അ പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C&AG ഓഫീ ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായ സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണക്കു മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നത് സാമ്പത്തിക പ്രസ്താവനകളിലെ വെളിപ്പെടുത്തലുകളും പിള്ളണയ്യന്നൂർ തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉ അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അ ഒത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് അ അടിസ്ഥാനം എന്റെ ഓഡിറ്റ് നടപടികളാണ് എന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാ അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തരിയോട് ഗ്രാമ പഞ്ചായത്തിന്റെ 20 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സ നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കൽപ്പറ്റ
തീയതി: സാക്ഷ്യപ്പെടുത്തുന്ന അധികാരിയുടെ ഒ

1-1-2 വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല.

തദ്വർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ ബി ഷെഡ്യൂൾ കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല.

1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ തുക Generated By Operating+Investing+Financing Activity (A+B+C) യുമായി പൊരുത്തപ്പെടുന്നില്ല.

1-1-4 പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.

ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഒരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ ട്രഷറി ബാലൻസ് സ്റ്റേറ്റ്മെന്റിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. പൊരുത്തപ്പെടുത്തൽ കഴിഞ്ഞാൽ അടുത്തമാസം 5-ാം തീയതിക്കകം അക്കൗണ്ടന്റ്, ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്(2011 -ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടിംഗ്)ചട്ടം 57). എല്ലാ ബാങ്ക് അക്കൗണ്ടുകൾക്കും പ്രതിമാസ ബാങ്ക് റീ കൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല സാമ്പത്തിക വർഷത്തെ RP40(B) യിലെ താഴെ പറയുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ ബാ ലഭ്യമാക്കിയിട്ടില്ല.

ക്രമ നം.	ബാങ്ക് / ട്രഷറി യുടെ പേര് - തുക	അക്കൗണ്ട് നമ്പ
1	Co-Op Bank Account Of Own Revenue Fund - 3520	-
2	Sub Treasury Vythiri - 0	000142

1-1-5 BankReconciliation Statement ൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

State Bank Of India ബാങ്കിലെ അക്കൗണ്ടിൽ(നം. 37010777772) Directly Debited By Bank എന്ന ഇനത്തിൽ രൂപയുണ്ട് . ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

1-1-6 ചെക്ക് നിക്ഷേപിച്ച-ബാങ്കിൽ ക്രെഡിറ്റ് ആയില്ല.

(A)State Bank Of India ബാങ്കിലെ അക്കൗണ്ടിൽ(നം. 37010777772) Cheque Deposited Not Cleared എന്ന ഇ 161239.00 രൂപ ഗ്രാമ പഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. 2023 ഏപ്രിൽ മുതൽടി അക്കൗ കൺസിലിയേഷൻ നടത്തിയിട്ടില്ല. ആയതിനാൽ ടി ചെക്കുകൾ പണമായി മാറിയതിന്റെ വിശദ ഹാജരാക്കേണ്ടതാണ്.

(B)കേരള ഗ്രാമീൺ ബാങ്കിലെ അക്കൗണ്ടിൽ(നം.40123010029668) Cheque Deposited Not Cleared എന്ന ഇ ₹94,333/- രൂപ രൂപയുണ്ട്2023 ഏപ്രിൽ മുതൽ ടി അക്കൗണ്ടിന്റെ റീ കൺസിലിയേഷൻ നട ആയതിനാൽ ടി ചെക്കുകൾ പണമായി മാറിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

1-1-7 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

ക്രമ നം.	വിവരണം	വാർഷിക കണക്കി പ്രകാരം(₹)	രജിസ്റ്റർ പ്രകാരം(₹)	വ്യ
1	മെഴ്സിൽ നികുതി - ജീവനക്കാർ വരവ്	944790	974540	297
2	വസ്തു നികുതി - ഡിമാന്റ്	54,29,059	54,45,971	169
3	വസ്തു നികുതി - കളക്ഷൻ	54,17,230	54,45,971	287

1-1-8 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ Ot Registers രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

രജിസ്റ്ററുകൾ വാർഷികകണക്കായി പൊരുത്തപ്പെടുത്താത്തതിനാൽ ഓഡിറ്റിൽ സാക്ഷ്യപ്പെടുത്താനാകുന്നില്ല

1.സ്റ്റോക്ക് രജിസ്റ്റർ

2.അഡ്വാൻസ് രജിസ്റ്റർ

4.ലോൺ രജിസ്റ്റർ

5.ഗ്രാന്റ് അപ്രോപ്രിയേഷൻ രജിസ്റ്റർ

1-1-9 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല

1-1-10 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

വസ്തുനികുതി - Prior Period Income.

1-1-11 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാ ടഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

1) ബി-4 ഷെഡ്യൂൾ പ്രകാരം Literacy Grant എന്ന ഹെഡിൽ ₹872/- രൂപയാണ് എന്നാൽ B-17 ഷെ ഫണ്ടിന്റെ ബാങ്ക് അക്കൗണ്ടിൽ നീക്കിബാക്കി പൂജ്യമാണ്.

2)ബി-4 ഷെഡ്യൂളിൽ ബാധ്യത അറ്റി രേഖപ്പെടുത്തിയിട്ടുള്ള ടോട്ടൽ സാനിറ്റേഷൻ, ഐ.സി.ഡി.എസ് മിഷൻ , WCDP, Fund From ITDP , Funds For Specific Purpose തുടങ്ങിയ ഫണ്ടുകൾ പ്രത്യേക ബാങ്ക് അക്കൗ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത ഫണ്ടുകൾക്ക് എ.സി.ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ഫണ്ടുകളുടെ നീക്കി കുത്യത വ്യക്തമല്ല.

3)സംയുക്ത പ്രോജക്ടുകൾക്കുവേണ്ടി വിഹിതമായി ലഭിച്ച തുകയിൽ ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ 11,87,940.00ബാക്കിയുണ്ട് (ജില്ലാ പഞ്ചായത്ത് - ₹ 7,24,105.00 & ബ്ലോക്ക് പഞ്ചായത്ത് - ₹ 4,63,835.00). സംയുക്ത പ്രോജക്ടുകൾക്കുള്ള ടഷറി അക്കൗണ്ടിലെ നീക്കിയിരിപ്പ് പൂജ്യം ആണ്.ജില്ലാ പഞ്ചായത്ത് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് സംയുക്ത പദ്ധതിയ്ക്കായി തൽവർഷം ലഭ്യമായ തുകയുടെ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

1-1-12 ഡെപ്പോസിറ്റ് പ്രവർത്തിക്ക് നൽകിയ തുക അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്ത്

ഡെപ്പോസിറ്റ് പ്രവർത്തിയിനത്തിൽ 2021- 22, 2022 - 23 വർഷത്തിൽ കുടിവെള്ള പ്രോജക്ട് ചെലവിനത്ത് വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക 38,00,000/- രൂപയുടെ വിവരം ബാലൻസ് ഷീറ്റ് ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (1/22-23/02.09.2023) മറുപടി ഹാജരാ മറുപടി ഹാജരാക്കേണ്ടതാണ്.

1-2-1 ധനമാനേജ്മെന്റ് മാന്വലിലെ നടപടിക്രമങ്ങൾ അനുവർത്തിച്ച് ബജറ്റ് തയ്യാറാക്കാ ശ്രദ്ധിക്കേണ്ടതാണ്.

അരിയോട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക ബജറ്റ് 31-03-2022 ന് പാസാക്കിയിട്ടു സ്ഥാപനത്തിന്റെ അടുത്ത ഒരു വർഷത്തെ ആസൂത്രണ പ്രക്രിയ തയ്യാറാക്കുന്നതിനുള്ള ആധികാരിക ര ബജറ്റ്. പ്രതീക്ഷിത വരവ് ചെലവുകളുടെ അടിസ്ഥാനത്തിൽ മുൻവർഷങ്ങളിലെ അനുഭവത്തിന്റെ അടിസ്ഥ തൽവർഷത്തെ വരവ് ചെലവുകളുടെ പ്രതീക്ഷിത കണക്കുകളുടെ അടിസ്ഥാനത്തിലുമാവണം ബജറ്റ് തയ്യ ബജറ്റ് തയ്യാറാക്കേണ്ടുന്നത് സംബന്ധിച്ച് ബജറ്റ് മാന്വലിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.

സ.ഉ (ആർ.ടി) നം. 3291 /2016 /തസ്വഭവ തീയതി 02-12-16 പ്രകാരം ബജറ്റ് രൂപീകരണ വിശദവിവരങ്ങളടങ്ങിയ ധനമാനേജ്മെന്റ് മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബജറ്റ് മാന്വലിൽ

പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചാണോ ബജറ്റ് തയ്യാറാക്കിയത് എന്നത് വ്യക്തമല്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ചതിൽ ബജറ്റ് പാസാക്കിയിട്ടുണ്ട് എന്നതിലപ്പുറം ബജറ്റ് തയ്യാറാക്കിയത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.നിർവഹണോദ്യോഗസ്ഥരോടും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളോടും തയ്യാറാക്കുന്നതിനാവശ്യമുള്ള വിവരങ്ങൾ ആവശ്യപ്പെടുകയും , ഘടകസ്ഥാപനമേധാവികളുടെ വിളിക്കുകയും ചെയ്തിട്ടുണ്ട് ,വിവിധ ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അതാത് വിഷയങ്ങൾ കൈകാര്യം സ്റ്റാൻഡിങ് കമ്മിറ്റികൾക്ക് കൈമാറിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ പ്രൊപ്പോസലുകൾ ചർച്ച ചെയ്തതായോ ക്രോഡീകരണം നടത്തിയതായോ കാണുന്നില്ല .ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അന്തിമപ്രൊപ്പോസൽ തയ്യാറാക്കിയതിന്റെ രേഖകളും റെഡിറ്റിന് ലഭിച്ചിട്ടില്ല.

സ.ഉ (ആർ.ടി) നം. 3291 /2016 /തസ്വഭവ തീയതി 02-12-16 പ്രകാരം ബജറ്റ് രൂപീകരണ വിശദവിവരങ്ങളടങ്ങിയ ധനമാനേജ്മെന്റ് മാനുവലിലെ നടപടിക്രമങ്ങൾ അനുവർത്തിച്ച് ബജറ്റ് തയ്യാറാക്കേണ്ടതാണ്.

1-2 ബജറ്റ്

തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷക്കാലത്തെ ബജറ്റ് 31.03.2022 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ കൊടുക്കുന്നു.

		പുതുക്കിയത്
മുന്നിരിപ്പ്	18,895,508	4,46,48,542
വരവ്	150,607,419	18,36,77,000
ആകെ	169,502,927	22,83,25,542
ചെലവ്	124,854,385	22,65,16,542
നീക്കിബാക്കി	44,648,542	18,09,000

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	2,22,81,098
വരവ്	4,10,60,299
ആകെ	6,33,41,397
ചെലവ്	36,702,084
നീക്കിയിരിപ്പ്	2,66,39,313

1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം) 2022-23

ഫണ്ടിനം	ഒ.ബി വരവ്	ആകെ	ചെലവ്	സി.ബി
വികസന ഫണ്ട് -ജനറൽ (ACR പ്രകാരം)	-1,32,82,834.00		-1,17,59,040.00	15,13,794.00
വികസന ഫണ്ട്-	-3,81,251.00		3,47,710.00	33,541.00

എസ്.സി.പി (ACR പ്രകാരം)					
വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം)	-	49,45,990.00		48,99,872.00	46,118.00
മെയിന്റനൻസ് ഗ്രാന്റ് (ACR പ്രകാരം)	-	59,67,000.00	-	-	59,67,000.00
മെയിന്റനൻസ് നോൺ-ഗ്രാന്റ് (ACR പ്രകാരം)	-	45,70,000.00		39,68,541.00	6,01,459.00
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(TIED) (ACR പ്രകാരം)	-	53,39,601.00		27,56,046.00	25,63,555.00
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(UN TIED) (ACR പ്രകാരം)	-	27,98,644.00		1,99,644.00	25,99,000.00
ജനറൽ പർപ്പസ് ഗ്രാന്റ്	12185	78,34,532.00	78,46,717.00	78,46,717.00	0.00

ACR പ്രകാരമുള്ള ചെലവ് വാർഷിക കണക്കുകളായും, സൂക്ഷ്മ ചെലവ് പുസ്തകമായും പൊരുത്തപ്പെടുന്നില്ല

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കിയതിൽ ഓഡിറ്റുകഴിഞ്ഞ് നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കിയതിൽ പൂർത്തിയാകിച്ച പ്രോജക്ടുകളുടെ (എണ്ണം)	നടപ്പാക്കാത്ത പദ്ധതികൾ	പൂർത്തീ പ്രോജക്ട ശതമാ
133	7,19,33,148	91	39382259	45	46	42	68.4

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത് ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെ %

ഫുഡ് ഓഫീസർ	8	4	29,12,575	22,92,223
വെറ്ററിനറി സർജൻ	3	3	10,25,000	6,13,072
മെഡിക്കൽ ഓഫീസർ(CHC)	6	4	32,23,320	9,51,473
മെഡിക്കൽ ഓഫീസർ(Homoeo)	2	2	4,50,000	4,08,333
മെഡിക്കൽ ഓഫീസർ(Ayurveda)	4	4	11,50,000	8,60,000
ഫിഷറീസ് ഇൻസ്പെക്ടർ	2	2	6,61,638	1,15,238
വി.ഇ.ഒ	15	14	2,11,64,104	1,15,84,182
ICDS സൂപ്പർവൈസർ	9	8	49,49,650	36,08,625
സെക്രട്ടറി	28	24	1,27,92,671	94,71,114
അസിസ്റ്റന്റ് എഞ്ചിനീയർ	45	18	1,71,33,347	47,04,617
ഓപ്പറേറ്റർ	7	6	28,33,243	14,78,052
ടി.ഇ.ഒ	2	1	6,20,800	3,49,965
ഡയറി ഫാം ഇൻസ്ട്രക്ടർ	2	1	23,96,000	15,96,000
മൊബൈൽ എക്സ്റ്റൻഷൻ ഓഫീസർ	2	1	6,20,800	3,49,965

1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2022-23

ഇനം	തുനിരിപ്പ്	വരവ്(പലിശ ഉൾപ്പെടെ)	ആകെ	ചെലവ്	നീക്കിയിര
ജനറൽചെലവുകൾ	131587	1669745	1801332	1766785	34547
ഗ്രണഭോക്തൃകൾക്ക് നേരിട്ട് നൽകുന്നത്		30872614	30872614	30872614	0
മെറ്റീരിയൽസ്		8284000	8284000	8284000	0

Note - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കൃത്യമായ രീതി പ്രകാരമുള്ളതാണ് പ്രസ്തുത ഇനം തുകയും ILGMS പ്രകാരമുള്ള കണക്കിൽ പൊരുത്തപ്പെടുന്നില്ല

I-7 തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗ്രണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	0	0
കർഷകതൊഴിലാളി പെൻഷൻ	2193800	232
വിധവാപെൻഷൻ	4502200	434
വാർദ്ധക്യകാലപെൻഷൻ	8643400	907
വികലാംഗപെൻഷൻ	1964200	130
വിധവകളുടെ പെൺമക്കൾക്കുള്ളധനസഹായം	ഇല്ല	ഇല്ല

50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ	1,72,800	(ലഭ്യമല്ല)

1-8-0 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സേവന പ്രവർത്തനങ്ങൾക്കും ഉത്തരവാദിത്തങ്ങൾക്കും നിർണയിച്ചുകൊണ്ടുള്ള ജോലി വിഭജനമെല്ലാം തയ്യാറാക്കിയിട്ടുണ്ട്. ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. രജിസ്റ്ററുകളും രേഖകളും കൃത്യതയോടെ തയ്യാറാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ജോലിവിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ വിഭജിച്ച നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി പ്രവർത്തനം വിലയിരുത്തുന്നുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ സംബന്ധിച്ച കാര്യത്തിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബജറ്റ് വിവിധ പദ്ധതികൾക്കനുസൃതമായാണ് ബജറ്റ് തയ്യാറാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ നടപടിക്രമങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തുന്നതായി കാണപ്പെട്ടു. പദ്ധതി നടത്തിപ്പിൽ കൃത്യമായ മോണിറ്ററിംഗ് ഉറപ്പുവരുത്തേണ്ടതാണ്. മോണിറ്ററിംഗ് റിപ്പോർട്ടിൽ പൂർണ്ണമായ വിലയിരുത്തൽ നടത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഓഡിറ്റിനാവശ്യമായ രേഖകൾ ലഭ്യമാക്കുന്നതിൽ വിവിധ സെക്ഷനുകളിലെ ബന്ധപ്പെട്ട ജീവനക്കാർ പൂർണ സഹകരിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ സമയബന്ധിതമായി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും, പദ്ധതി നടത്തിപ്പും കാര്യക്ഷമമായി നടപ്പാക്കുന്നതിന് ആവശ്യമായ ഇടപെടൽ സ്വീകരിക്കേണ്ടതാണ്.

1-8-1 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 0 തീയതിയിൽ 12:33 Pm ന് സ്ഥാപന മേലധികാരിയുടെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നി നടത്തുകയുണ്ടായി. പരിശോധനയിൽ 1807/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 സ്റ്റാന്റിംഗ് കമ്മറ്റി വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ സ്റ്റാന്റിംഗ് കമ്മറ്റി വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ വിലയിരുത്തുകയുണ്ടായി. ഓഡിറ്റ് കാലയളവിൽ നടത്തിയ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റി ഗ്രൂപ്പ് മിനുട്സിലെ വിവരങ്ങൾ അനാലസിച്ചാണ് പരിശോധിച്ചത്.എന്നാൽ മിനുട്സിൽ രേഖപ്പെടുത്തിയതായ സാധാരണയിൽ സ്റ്റാന്റിംഗ് കമ്മറ്റിയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും ചേർന്നാലുള്ള നടപടി ക്രമമാത്രമാണ് മിനുട്സിൽ രേഖപ്പെടുത്തി കാണപ്പെടുന്നത്. ആസൂത്രണപ്രക്രിയയിൽ സുപ്രധാനമായ സ്ഥാനമാണ് ഗ്രൂപ്പുകൾക്കും സ്റ്റാന്റിംഗ് കമ്മറ്റികൾക്കുമുള്ളത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗമായി ധനവിനിയോഗ ഫീസുകൾ വരവുകൾ എന്നിവയുടെ നിർണ്ണയം, പിരിച്ചെടുക്കലും പരിശോധനയും, പ്രതിമാസ പിരിവ് അവലോകനം . വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെ കൃഷി, കന്നുകാലി വളർത്തൽ, ജലസേചനം, ഭൂ സാമൂഹിക വനവൽക്കരണം, ചെറുകിട കുടിൽ വ്യവസായം, കരകൗശല വസ്തുക്കളുടെ നിർമ്മാണം, വാ തൊഴിൽ, ഭവന നിർമ്മാണം, പുനരുദ്ധാരണം, ഊർജ്ജോപയോഗം, പബ്ലിക് വർക്ക്, ജലവിതരണം , വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിക്ക് കീഴിലെ ആരോഗ്യം, ശുചിത്വം, കുടിവെള്ളം, ഓവുചാലുകൾ, വിദ്യാഭ്യാസം, കല, സംസ്കാരം, വിനോദം . ക്ഷേമ കാര്യസ്റ്റാന്റിംഗ് കമ്മറ്റിക്കാവട്ടെ പട്ടിക ജാതി, പ വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷ, ചേരി പരിഷ്കരണ ലഘൂകരണം, പെൻഷനിതരരുടെ സന്നദ്ധസേവനം എന്നീ മേഖലകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആസൂത്രണ നടപ്പാക്കാനുദ്ദേശിച്ചിട്ടുണ്ട്. ഇതിനു പുറമെ അംഗീകരിച്ച പദ്ധതികളിൽ ചില്ലാ ആസൂത്രണസമിതി നൽകുന്ന നിർദ്ദേശങ്ങൾ പരിഗണിക്കുക, ഓരോ മേഖലയിലുമുള്ള പ്രൊജക്ടുകൾ സമയബന്ധിതമായും ഫല പൂർത്തിയാക്കുന്നതിന് മേൽ നോട്ടം വഹിക്കുക, പ്രൊജക്ടുകളുടെ പ്രവർത്തനകലണ്ടർ തയ്യാറാക്കുക, ജ സമിതിയായി പ്രവർത്തിക്കുക തുടങ്ങിയ ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കാനുണ്ട്.വർക്കിംഗ് ഗ്രൂപ്പുക

പദ്ധതി രൂപീകരണത്തിന് പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് ആസൂത്രണ ഉ ജനപങ്കാളിത്തം ഉറപ്പുവരുത്തുക. വിഷയമേഖലയുമായി ബന്ധപ്പെട്ട സ്ഥിതിവിവര കണക്കുകൾ ശേ ക്രോഡീകരിക്കുക, അപഗ്രഥിക്കുക, വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭപ്രവർത്തനങ്ങ അവസ്ഥാരേഖ പരിഷ്കരിക്കുക, ഗ്രാമസഭാ, വാർഡ്സഭ, ഊരുകൂട്ടം എന്നിവയിലെ ചർച്ചകൾക്ക് നേതൃത്വം ക്കുന്നതിനുമായി ഉത്തരവാദിത്തപ്പെടുത്തുന്നു എന്നാൽ സ്റ്റാന്റിംഗ് കമ്മറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും രൂ പരിശോധിച്ചതിൽ ഔപചാരികമായ യോഗ നടപടി വിവരങ്ങൾ ചേർത്തുവെച്ചിട്ടുണ്ട് എന്നതിലുപരി സ കമ്മറ്റി, വർക്കിംഗ് ഗ്രൂപ്പുകളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്ന വിധത്തിലുള്ള യാതൊരു വിവരവും ര രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായ ചർച്ചകളോ, സംവാദങ്ങളോ, തീരു രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ്മീറ്റിംഗ് പരിശോധിച്ചതിൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകളിലെ അ പങ്കാളിത്തം വളരെ കുറവായാണ് പൂർണ്ണ അംഗങ്ങൾ പങ്കെടുത്ത ഒരു വർക്കിംഗ് ഗ്രൂപ്പ് യോഗം പോലും ചേ മീനുടസിലെ രേഖപ്പെടുത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കാണുവാൻ സാധിച്ചില്ല.പദ്ധതി ആസൂത്ര നിർവ്വഹണത്തിലും, മോണിറ്ററിംഗിലും സ്റ്റാന്റിംഗ് കമ്മറ്റിയും, വർക്കിംഗ് ഗ്രൂപ്പും ഉദ്ദേശ പൂർത്തീകരിക്കേണ്ടതാണ്.

1-10 തരിയോട് ഗ്രാമപഞ്ചായത്ത് പരിധിയിലെ താജ് റിസോർട്ടിന് നികുതി നിർണയിച്ച സീമിങ്ങ് പൂളിന്റെ വിസ്തീർണം ഉൾപ്പെടുത്തിയില്ല-ഗ്രാമപഞ്ചായത്തിന് 10523 രൂപയുടെ നഷ്ടം

തരിയോട് ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന താജ് റിസോർട്ടിന്റെ നികുതി നിർണയവുമായി ബ നടത്തിയ സ്ഥലപരിശോധനയിൽ താഴെ പറയുന്ന അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.റിസോർട്ടിലെ കോട്ടേജുകളോടനുബന്ധിച്ചുള്ള 5.20*3.20 ചമീ വിസ്തീർണം വരുന്ന നീന്തൽക്കുളങ്ങളും,റസ്റ്റോറന്റിനോ വില്ലയോട 8.20*3.20 ചമീ വിസ്തീർണം വരുന്ന നീന്തൽക്കുളവും നികുതി നിർണയത്തിനായി പരിഗണിച്ചിട്ടില്ല.

നികുതി നിർണയത്തിനായി പരിഗണിക്കാത്ത ആകെ വിസ്തീർണം-5.20*3.20*4+8.20*3.20=92.8ചമീ

മേൽ അപാകത മൂലമുള്ള നികുതി നഷ്ടം താഴെ പറയും പ്രകാരം കണക്കാക്കുന്നതാണ്

92.8*90=8352 (റിസോർട്ടുകളുടെ നികുതി നിരക്ക്-90)

നികുതിയിനത്തിലുള്ള വർദ്ധന-20 ശതമാനം (കെട്ടിടത്തിന്റെ മേൽക്കൂര-10 ശതമാനം+കെട്ടിടത്ത് നിർമിതി-10 ശതമാനം)-1670

ആകെ നികുതി=10022

ലൈബ്രറി സെസ്സ്(5 ശതമാനം)=501

നികുതിയിനത്തിലുള്ള പ്രതിവർഷ നഷ്ടം=10022+501=10523

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടം 3(3) കെട്ടിടത്തിനോടനുബന്ധിച്ച് സ്വിമ്മിങ്ങ് പൂൾ ഉണ്ടെങ്കിൽ ആയതിന്റെ തറ വിസ്തീർണം കെ തറവിസ്തീർണത്തോട് ചേർത്താണ് നികുതി നിർണയിക്കേണ്ടത്. സ്വിമ്മിങ്ങ് പൂളിന്റെ വിസ്തീർണം കണ നികുതി നിർണയിച്ചത് വിശദീകരിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ 02/09/2023 തീയതിയിലെ 10/2022-ാമത് ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി മേൽ അപാകത സംബന്ധിച്ച് പരിശോധന നട അസി.എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.നികുതിയിനത്തിൽ നഷ്ടമായ തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കിയിക്കേണ്ടതാണ്.

1-11 ഡി.ടി.പി.സി ക്ക് കൈമാറിയ സ്ഥലത്തെ സംബന്ധിച്ച് കരാർ ചമയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

തരിയോട് ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന കർളാട് തടാകത്തോട് ചേർന്ന സ്ഥലം ടൂറിസം പ്രവർ നടപ്പാക്കുന്നതിനായി 31-07-1998 ലെ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 220/ 99 തീരുമാനപ്രകാരം ജില്ല പ്രമോഷൻ കൗൺസിലിന് കൈമാറിയിരുന്നു .1999 മുതൽ നാളിതുവരെ ജില്ലാ ടൂറിസം പ്രമോഷൻ കൗ പ്രസ്തുത ഭൂമി കൈവശം വച്ചും, കെട്ടിടങ്ങൾ നിർമ്മിച്ചും വിനോദ പ്രവർത്തനങ്ങൾ നടത്തിയും ഉണ്ടാക്കിവരുന്നു എന്നാൽ കേരള പഞ്ചായത്ത് രാജ് (വസ്തു അർത്തിക്കലും കൈയ്യൊഴിയലും) ചട്ട (ഉടമ്പടിയുടെ അടിസ്ഥാനത്തിൽ ഇത് ഏറ്റെടുക്കൽ പ്രക്രിയ പൂർത്തീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ആവ ആവശ്യപ്പെടലിനെ തുടർന്ന് പ്രസ്തുത സ്ഥലത്തുള്ള ടൂറിസം പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാന

ഇത്രയുമായി ₹ 24,72,336 രൂപ ഡി.ടി.പി.സി ഗ്രാമപഞ്ചായത്തിന് കൈമാറിയതായി രേഖപ്പെട്ടു എന്നാൽ ഗ്രാമപഞ്ചായത്തും ഡി.ടി.പി.സി യുമായി ഭൂമിയുടെ കൈമാറ്റം സംബന്ധിച്ചോ, വരുമാനം ചെയ്യുന്നത് സംബന്ധിച്ചോ എഗ്രിമെന്റ് തയ്യാറാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് വസ്തു അന്യ കൈയൊഴിക്കലും ചട്ടങ്ങൾ അനുസരിച്ചുള്ള എഗ്രിമെന്റിന് ഡി.ടി.പി.സി തയ്യാറാക്കുന്നില്ല എന്നാണ് ഇല്ല ന ഗ്രാമപഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുള്ളത്.എഗ്രിമെന്റിൽ ഏർപ്പെടുന്നതിനായി പലതവണ ഗ്രാമപ അധികൃതരും ഡി.ടി.പി.സി അധികൃതരും ചർച്ച ചെയ്തിട്ടും ഉടൻ നടപടികൾ ഉണ്ടായിട്ടില്ല. പ്രസ്തുത സ്ഥാപ ഡി.ടി.പി.സി അനധികൃതമായി കൈവശം വെച്ചുവരുന്ന ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള സ്ഥലം ഏ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ 5-08-2022 ലെ ഭരണ യോഗം തീരുമാനം 1 പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച് താഴെ പറയുന്ന വസ്ത മാപടി ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണകുറിപ്പ് (നമ്പർ 3 /2022- 2023 തീയതി :22/08/2023 ആവശ്യപ്പെട്ടിരുന്നു.

1. 31-7-1999 ലെ ഭരണസമിതി തീരുമാനം 220 /99 പ്രകാരമാണ് ഗ്രാമപഞ്ചായത്ത് ഭൂമി ഡി.ടി.പി.സിക്ക് കൈ തീരുമാനമെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ വിഷയമുള്ള കൈമാറ്റം ഫല വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ കൈമാറ്റത്തിന് കരാർ വ്യവസ്ഥകൾ നിശ്ചയിച്ച് ഇത വിഭാഗവും അംഗീകരിച്ചിട്ടുണ്ടോ.

2. ഭൂമിയുടെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കിയാണോ ഡി.ടി.പി.സി ക്ക് കൈമാറിയിട്ടുള്ള

3. ഡി.ടി.പി.സി പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വിധം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് അനുമതി നൽകിയിട്ടുണ്ടോ.

4. ഡി.ടി.പി.സി ഗ്രാമപഞ്ചായത്തിന് വരുമാന വിഹിതമിനത്തിൽ ₹ 24,72,336 കൈമാറിയതായി പറയുന്നു. വരുമാനം ഷെയർ ചെയ്യുന്ന വ്യവസ്ഥ കരാർ ആയി തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ടോ. ഏത ശതമാനമാണ് ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടത്. ഈ കൈമാറിയ തുക ഏത് കാലയളവ എപ്പോഴാണ് ലഭിച്ചത്.

5. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലെ ഡി.ടി.പി.സി യുടെ കൈവശമുള്ള സ്ഥലം ഗ്രാമപഞ്ചായത്തിന ലഭിക്കാനുള്ള നിയമപരമായ സാധുത സംബന്ധിച്ച് നിയമോപദേശം വാങ്ങിയിട്ടുണ്ടോ.

6. നിലവിൽ ഈ ഭൂമിയുടെ ക്രമീകൃത ഗ്രാമപഞ്ചായത്ത് ഒടുക്കിയതായുണ്ടോ ഉണ്ടെങ്കിൽ 2022-23 വർഷത്തിന നികുതി രസീത് പകർപ്പ് ലഭ്യമാക്കുക.

7. 5-08-2022 ലെ ഭരണസമിതി തീരുമാനപ്രകാരം ഭൂമി ഒഴിപ്പിച്ചെടുക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ.

എന്നാൽ മറുപടി ലഭ്യമാക്കിയിട്ടില്ല. 5-9-2023 ഓഡിറ്റ് ടീം പ്രസ്തുത സ്ഥലം സന്ദർശിച്ചതിൽ ഡി.ടി.പി നേതൃത്വത്തിലുള്ള ടൂറിസം പ്രവർത്തനങ്ങൾ അവിടെ നടന്നുവരുന്നതായും, ടൂറിസം പ്രമോഷന് സഹാ സംവിധാനങ്ങൾ ഏർപ്പെടുത്തി പ്രവേശന ടിക്കറ്റ് വച്ചും, തടാകത്തിലൂടെ ചാർജ്ജ് ഈടാക്കിയുള്ള ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടക്കുന്നതായി കാണുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ ഉടമ സ്ഥലം കൃത്യമായ കരാർ ഉണ്ടാക്കാതെ ഡി.ടി.പി.സി ക്ക് കൈമാറിയതാണ് ഈ സാഹചര്യം ഉണ്ടാക്കു ആയതിനാൽതന്നെ സർക്കാർ സംവിധാനത്തിന് കീഴിലുള്ള സ്ഥാപനങ്ങൾ എന്ന നിലയിൽ ഈ വിഷ ആവശ്യമായ ഇടപെടലുകൾ സർക്കാർ തലത്തിൽ അറിയിച്ച് സ്വീകരിക്കേണ്ടതും ഡി.ടി.പി.സി ക്ക് വിട്ടുകൊ സ്ഥലത്തെ സംബന്ധിച്ച് കൃത്യമായ കരാർവ്യവസ്ഥകൾ ഉൾപ്പെടുന്ന എഗ്രിമെന്റ് തയ്യാറാക്കുന്നതിന് ആ ഉടൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇത സംബന്ധിച്ച് ഓഡിറ്റ് അന്വേഷണകുറിപ്പ് പ്രകാരം ആ വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. മാത്രവുമല്ല D.T.P.C യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്കുനിന്നും തൊഴിൽ നികുതി ഈടാക്കി അടക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.

I-12 ഗ്രാമപഞ്ചായത്ത് പരിധിയിലെ പല കെട്ടിടങ്ങളുടെയും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

തരിയോട് ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന ചില കെട്ടിടങ്ങൾക്ക് നികുതിയിളവുകൾക്കാ അർഹതയില്ലാതിരുന്നിട്ടും 0 രൂപയാണ് സണ്ണിയസെസ്സ്മെന്റിൽ നികുതിയായി നിലവിലുള്ളത്. മേൽ ഒ A.R.V പ്രകാരമുള്ള നികുതി 0 രൂപയായി സണ്ണിയ അസസ്സ്മെന്റിൽ രേഖപ്പെടുത്തിയതിനാൽ നിലവിലും രൂപയായി തന്നെ ഇടരുകയാണ്. കൂടാതെ നാളിതുവരെ കെട്ടിടനമ്പരുകളിൽ നിന്ന് നികുതി ന രൂപയായതിനാൽ നികുതിയൊന്നും ഈടാക്കിയതായും കാണുന്നില്ല.ഉദാഹരണമായി ഗ്രാമപഞ്ചായത്തിലെ വാർഡിലെ അസ്സസ്മെന്റ് വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന കെട്ടിടങ്ങളിൽ നിന ഈടാക്കിയതായി കാണുന്നില്ല.

സി.നം	കെട്ടിട നമ്പർ	കെട്ടിട ഉടമയുടെ പേര്	കെട്ടിടത്തിന്റെ ഉപയോഗക്രമം	കെട്ടിടത്തിന്റെ വിസ്തീർണം
1	5/108	കണ്ണമ്പള്ളി,ഒല്ലാപ്പേരി,,ചെന്നലോട്,673121	പാർപ്പിടാവശ്യം	62.4
2	5/113	തങ്കമ്മ,,പേലക്കാപ്പള്ളി,,,ചെന്നലോട്,673121	പാർപ്പിടാവശ്യം	67.8
3	5/151	എം.എസ് ജോർജ്ജ്,മുത്തനാലിക്കൽ,	പാർപ്പിടാവശ്യം	147
4	5/279	വികാരി,സെന്റർ സെബാസ്റ്റ്യൻ ചർച്ച്,,ചെന്നലോട്,673121,,	പാർപ്പിടാവശ്യം	255
5	5/319	രാമൻകുട്ടി,പാറകുടിയിൽ,,ചെന്നലോട്,673121,	പാർപ്പിടാവശ്യം	64.17
6	5/301	രാജൻ ,മാളുവയൽ,,ചെന്നലോട്,673121	പാർപ്പിടാവശ്യം	79
7	9/357	രത്നാകരൻ,കടവത്ത് പുരയിൽ,കണ്ണൂർ	പാർപ്പിടാവശ്യം	66.12

ുകളിൽ സൂചിപ്പിച്ചിട്ടുള്ള കെട്ടിട ഉടമകളിൽ നിന്ന് നികുതി ഈടാക്കാത്തതിന്റെ വിശദീകരണം ലഭ്യമാ A.R.V പ്രകാരമുള്ള നികുതി എത്രയാണെന്ന് വ്യക്തമാക്കുന്നതിനും ആവശ്യപ്പെട്ട് സർക്കിയ 01.09.2023 തീ 9/2022-23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ഓഡിറ്റ് അന്വേഷണത്തിൽ സൂ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ച് ഇടർനടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.മേ ിപ്പിക്കപ്പെട്ടുകളിൽ സൂചിപ്പിച്ചിട്ടുള്ളത് ഏതാനും ഉദാഹരണങ്ങൾ മാത്രമാണ്. ഗ്രാമപഞ്ചായത്ത് ര ജിസ്റ്റർ പൂർണമായും പരിശോധിച്ച് ഇപ്രകാരം നികുതി നിർണയിക്കാതെയുള്ള കെട്ടിടങ്ങൾ കണ്ടെത ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചറിയിക്കേണ്ടതാണ്.

1-13 കെൽസ വെൽനസ് എന്ന കെട്ടിടത്തിന് നമ്പർ അനുവദിച്ചത് സംബന്ധിച്ച അസി.എഞ്ചിനീയറുടെ പരിശോധന റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

തരിയോട് ഗ്രാമപഞ്ചായത്തിൽ മുഹമ്മദ് ഷിഹാബ് ഇ.എസ് എന്നിവർക്ക് 13ാം വാർഡിൽ 135 സി മുതൽ വരയുള്ള നമ്പറുകളിൽ ഒരു കെട്ടിടത്തിന് അനുമതി നൽകിയിട്ടുണ്ട്. തരിയോട് ഗ്രാമപഞ്ചായത്ത് സെ 05.02.2023 തീയതിയിലെ എസ്.സി3-3620/2022 നമ്പർ ഉത്തരവ് പ്രകാരമാണ് മേൽ കെട്ടിടത്തി നൽകിയിട്ടുള്ളത്. ഈ വിഷയുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയുടെ 25558/2021 നമ്പർ ര സെക്രട്ടറിയ്ക്ക് സൈറ്റ് പരിശോധിച്ച് കെട്ടിടത്തിന്റെ ഉയരം 10 മീറ്ററിൽ താഴെയാണെങ്കിൽ ഉചിതമായ കൈകൊള്ളാവുന്നതാണെന്നും ട്രൈബ്യൂണൽ അതോറിറ്റിയുടെ ഉത്തരവിന് കാത്ത് നിൽക്കേണ വ്യക്തമാക്കിയിരുന്നു.

ഫയൽ നോട്ടിൽ രേഖപ്പെടുത്തിയത് പ്രകാരം പ്രസ്തുത കെട്ടിടം പരിശോധിച്ചതിൽ കെട്ടിടത്തിന്റെ ഉ മീറ്ററാണെന്ന് അസി.എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചതിന്റെയും കെട്ടിടത്തിന്റെ ഉയരം ന സ്ഥിരീകരണത്തിന് മുൻപ് ലഭിക്കുന്നതിനാലും ബഹു.ഹൈക്കോടതിയുടെ ഉത്തരവിനെ മാനിച്ച കൊണ ഉത്തരവുകളോ മേൽ ഓഫീസുകളിൽ നിന്നുള്ള എന്തെങ്കിലും ഉത്തരവുകളോ ലഭ്യമാകുന്ന പക്ഷ ഉത്തരവുകൾക്കനുസരിച്ച് കെട്ടിട നമ്പർ റദ്ദ് ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്ന നിബന്ധനയോടെ ക്രമവൽക്കരണം അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്.

മേൽ വിഷയം സംബന്ധിച്ച് താഴെപറയുന്ന വസ്തുതകൾക്ക് മറുപടി ലഭ്യമാക്കുന്നതിന് 05/09/2023 തീ 29/2022-23 നമ്പർ ഓഡിറ്റ് അന്വേഷണം വഴി ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കുകയോ ാജരാക്കുകയോ ചെയ്തിട്ടില്ല.

എ) മേൽ കെട്ടിടത്തിന് നമ്പർ അനുവദിച്ചുകൊണ്ടുള്ള വിവരങ്ങൾ സംബന്ധിച്ച് നോട്ട് ഫയലുകൾ പരിശേ നിന്നും 21/12/2021 ാം തീയതി അസി.എഞ്ചിനീയർ കെട്ടിട നിർമാണ ചട്ടങ്ങൾക്ക് വിധേയമായാണ് നടത്തിയിട്ടുള്ളതെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതു പ്രകാരം വിവിധ സ്ഥലങ്ങൾ പ്രസ്തുത സ്ഥലങ്ങൾ പരിഹരിക്കുന്നതിന് കെട്ടിട ഉടമയ്ക്ക് 21/12/2021 ാം തീയതി കത്ത് നൽകിയി സ്ഥലങ്ങൾ പരിഹരിച്ചതായി 23/12/2021 തീയതിയിലെ കത്ത് പ്രകാരം കെട്ടിട ഉടമ അറിയിച്ചിട്ടുണ്ട്. എന്നാ ഉടമ പരിഹരിച്ചതായി പറയുന്ന സ്ഥലങ്ങൾ സംബന്ധിച്ച സാങ്കേതിക വിഭാഗത്തിന്റെ ഇടപെടൽ പരിശോധന ഫയലിൽ കാണുന്നില്ല. നമ്പർ നൽകിയ കെട്ടിടത്തിന്റെ ഉയരം മാത്രം അളക്കുന്നതിന് സാങ്കേതിക വി ഫയൽ കൈമാറിയതായി മാത്രമാണ് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 27.12.2021 ാം തീയ പരിഹരിച്ചതായി ബോധ്യപ്പെട്ടതായി സെക്രട്ടറി നോട്ട് ഫയലിൽ രേഖപ്പെടുത്തുകയും ക്രമവൽക്കരണ അംഗീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. കെട്ടിട നിർമാണം സംബന്ധിച്ച് എഞ്ചിനീയറിങ്ങ് വിഭാഗം റിപ്പോ

സ്ഥാനങ്ങൾ കെട്ടിട ഉടമ പരിഹരിച്ചത് എഞ്ചിനീയറിങ്ങ് വിഭാഗം തുടർപരിശോധന നടത്തി സമർപ്പിച്ച ലഭ്യമാക്കേണ്ടതാണ്.

ബി) മേൽ കെട്ടിടത്തിന്റെ ഉയരം സംബന്ധിച്ച് സാങ്കേതിക വിഭാഗത്തിന് ഫയർ ഒക്കറൻസിയിൽ 27. തീയതി അസി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ളത് 4 നിലകളുള്ള കെട്ടിടത്തിന്റെ ഒരു നില ഉ ചെയ്തിട്ടുണ്ടെന്നാണ്.മണ്ണ് പില്ല് ചെയ്ത ലെവലിൽ നിന്നും പാരപ്പറ്റ് ഒഴികെയുള്ള 9.90 മീറ്ററാണ് ഉയരമെന്നും. D ഉത്തരവ് പ്രകാരം താഴ്ന്ന ഭൂനിരപ്പിൽ നിന്നുള്ള ബിൽഡിങ്ങിന്റെ ഉയരമാണ് പരിഗണിക്കേണ്ടതെന്നും കണ്ട് ഉയരം ക്രമീകരിച്ച് സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ

സി) മേൽ സ്ഥലത്ത് എന്തെങ്കിലും അനധികൃത നിർമ്മാണം നടന്നിട്ടുണ്ടോയെന്ന് പരിശോധന നടത്തുക നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഡി) നാലാം വാർഡിൽ 135 സി മുതൽ 135 എച്ച് വരെയുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി സ്വീകരിച്ചത് സ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകളിൽ രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-14 ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകതകൾ

തിയോട് ഗ്രാമപഞ്ചായത്തിൽ ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കി നൽകിയ അപാകതകൾ സംബന്ധിച്ചിട്ടുണ്ട്.2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന സർചാർജ്ജും) 21(1) (ാം ചട്ട പ്രകാരം ഏതെങ്കിലും കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസ അതിൽ കൂടുതലോ ആയ കാലത്തേക്ക് തുടർച്ചയായി ഒരാവശ്യത്തിനും ഉപയോഗിക്കാതെ കിടക്കുകയാണെങ്കിൽ ഒഴിഞ്ഞ് കിടക്കുന്ന ദിവസങ്ങൾക്കാനുപാതികമായി വാർഷിക നികുതിയുടെ ഒ കവിയാത്ത തുക സെക്രട്ടറിയ്ക്ക് ഇളവ് ചെയ്ത് നൽകാവുന്നതാണ്.

ചട്ടം 21(2എ) പ്രകാരം കെട്ടിട ഉടമയോ അയാളുടെ ഏജന്റോ മേൽ കെട്ടിടം ഒഴിഞ്ഞ് കിടക്കുകയ അല്ലെങ്കിൽ ഏത് ദിവസം മുതൽ ഒഴിഞ്ഞ് കിടക്കുമെന്നോ സെക്രട്ടറിയെ നോട്ടീസ് അറിയിക്കേണ്ടതാണ്.മേൽ നോട്ടീസ് നൽകാത്ത പക്ഷം നികുതി ഒഴിവാക്കി നൽകാൻ പാടില്ലാത്തതാ ഇളവ് ചെയ്ത് ലഭിക്കേണ്ട കാലം കണക്കാക്കേണ്ടത് സെക്രട്ടറിക്ക് നികുതിയിളവിനായി അപേക്ഷ നൽകിയ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി ഇതിൽ ഏത് തീയതി അവസാനം വരുന്നോ, ആ തീയതി മുതൽക്കാണ് മേൽ നിയമത്തിന് വിരുദ്ധമായി താഴെപറയുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കി നൽകുന്നതായി കാണ

സി. നം	കെട്ടിട നം	ഉടമയുടെ പേര്	നികുതിയിളവിനായി നൽകിയ നോട്ടീസിന്റെ നമ്പറും തീയതിയും	നികുതിയിളവ് നൽകിയ കാലഘട്ടം	നികുതിയിളവായി നൽകിയ തുക	നികുതിയിളവ് നൽകേണ്ടിയിരുന്ന കാലഘട്ടം	നികുതിയിളവ് നൽകേണ്ടിയിരുന്ന തുക	ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം	വി
1	9/22 B	ബേബി പി.കെ പുത്തൻപറമ്പിൽ	Sc3-2607/22 / 01.08.2022	01/04/2022-30/09/2022	392	01/08/2022-30/09/202	131	261	നി
2	9/22 B1				471		157	314	യി നേ
3	9/22 B2				471		157	314	ന നി ന
4	9/22 C				330		110	220	ന
	ആകെ				1664		555	1109	

കളിൽ സൂചിപ്പിച്ച പ്രകാരം കെട്ടിടത്തിന് ക്രമവിരുദ്ധമായി നികുതിയിളവ് നൽകിയത് സംബന്ധിച്ച് വിശ ആവശ്യപ്പെട്ട് നൽകിയ 04/09/2023 തീയതിയിലെ E/2022-23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മ ഗ്രാമപഞ്ചായത്തിന് വസ്തു നികുതിയിനത്തിലുണ്ടായ നഷ്ടമുക കെട്ടിട ഉടമകളിൽ നിന്ന് ഈടാക്കണ നടിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചറിയിക്കേണ്ടതും അപാകതകൾ ഭാവിയിൽ ആവർത്തിക്കാ ശ്രദ്ധിക്കേണ്ടതുമാണ്.

1-15 ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

തരിയോട് ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും ഫയലുകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

എ) 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് ഈടാക്കിയ ടേഡ്സ്/ഇൻസ്റ്റിറ്റ്യൂഷൻ തൊഴിൽ നി രജിസ്റ്റർ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ മേൽ ഇനത്തിൽ ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ബി) ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന റോഷൻകടകളിൽ നിന്നും സ്ഥാപനതൊഴിൽ ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

സി) ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിൽ ഇൻ അർദ്ധവാർഷങ്ങളിൽ തൊഴിൽ ഡിമാന്റിലുണ്ടായിരുന്ന ജീവനക്കാരുടെ തൊഴിൽ നികുതി അടവ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെ പ്രസ്തുത ജീവനക്കാർ സ്ഥലംമാറിയതും വിരമിച്ചതുമായ വിവരങ്ങൾ തൊഴിൽ നികുതി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ മേൽ ജീവനക്കാർ ഗ്രാമപഞ്ചായത്ത് പരിധിയിൽ കുഴിയാതെ അർദ്ധ വാർഷികം ജോലി ചെയ്തിട്ടുണ്ടോയെന്നും, ഗ്രാമ പഞ്ചായത്തിൽ തൊഴിൽ നികുതി അ ബന്ധപ്പെടുത്തേണ്ടവരാണോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. ജീവനക്കാരുടെ അർദ്ധവാർഷിക തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. തൊഴിൽ നികുതി രജിസ്റ്റർ ഈ വിധം കൃത്യതയില്ലാ തയ്യാറാക്കിയിട്ടുള്ളത്.

ഡി) കാലികമാക്കിയ ടേഡ്സ് ലിസ്റ്റ് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അ ഗ്രാമപഞ്ചായത്തിലുള്ള ജീവനക്കാരുടെ/ടേഡ്സ്/ഇൻസ്റ്റിറ്റ്യൂഷൻ തൊഴിൽ നികുതി പൂ ഈടാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 05.09.2023 തീയതിയിലെ 9/2022-23 നമ്പ അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-16 ഗ്രാമപഞ്ചായത്തിൽ പൊതുമരാമത്ത് ജോലികൾ നിർവ്വഹിച്ച കോൺട്രാക്ടർമാരിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തരിയോട് ഗ്രാമപഞ്ചായത്ത് പരിധിയിൽ 2022-23 സാമ്പത്തിക വർഷം പൊതുമരാമത്ത് ജോലികൾ ന താഴെ പറയുന്ന കോൺട്രാക്ടർമാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിതായി കാണുന്നില്ല.

1)ഉണ്ണികൃഷ്ണൻ കെ

കല്ലാട്ടുമ്മൽ

കാവുമന്ദംപിഒ

2)അമൽ കെ ഉണ്ണികൃഷ്ണൻ

കല്ലാട്ടുമ്മൽ

കാവുമന്ദം പിഒ

3)ഷൗഹ കെ

കൊയ്യ വീട്

അച്ചൂരാനം

4)യാസർ കല്ലായി

കല്ലായി

പള്ളിക്കൽ

5)ഷിഹാബ് കെ കെ

കിഴക്കയിൽ (വീട്)

അച്ചൂരാനം

6)ജോസഫ് എ.എം

അറക്കപ്പറമ്പിൽ

മെമ്പർഷിപ് ലാന്റ്

7)സന്തോഷ് ജോർജ്ജ്

ഫെലോഷിപ്പ്

ബൈബിൾ ലാന്റ്

8)ജെർഷോൻ കെ

കനിയാരത്ത്

വെള്ളാപ്പള്ളി

9)രഞ്ജിത്ത് കെ

കല്ലാട്ടുമ്മൽ

കുഞ്ഞിയോസ്

മേൽ വ്യക്തികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ട വർഷങ്ങളിലും സമാനമായ പരാമർശങ്ങൾ ഓഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടും നടപടികൾ സ്വീകരിക്കാത്തത് ഒരു ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം ക്രമീകരിക്കുന്നതിന് ഇത്തരം വീഴ്ചകൾ കാരണമാകുന്നു.ധനകാര്യമാനേജ്മെന്റിംഗ് കമ്മറ്റി മേൽ വിഷയം പരിശോധിച്ച് ഉചിത നടപടി സ്വീകരിക്കേണ്ടതാണ്. മേൽ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണ കത്ത് (നം- 20/22-23 തീയതി 05.09.2023) നൽകിയതിൽ ഉ മറുപടിയിൽ (നം. എസ്.സി.2-2808/2023 തീയതി 05.09.2023) പൊതുശരാശരി അടിസ്ഥാനത്തിൽ കണക്കാ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്

1-17 കൃത്യതയുള്ള ടേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.ഗ്രാമപഞ്ചായത്തിന് തൊഴിൽ നികുതി,ലൈസൻസ് ഫീസ് എന്നി വരവിനങ്ങൾ പൂർണ്ണമായും ഡിമാന്റ് ചെയ്യ്.ഈടാക്കുവാൻ സാധിക്കുന്നില്ല.

2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം തരിയോട് ഗ്രാമപഞ്ചായത്ത് പരിധി സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ളത്.(267 സ്ഥാപനങ്ങൾ FTEAOS ലൈ ഓഡിബിളേ ലൈസൻസ്,8 ഫാം ലൈസൻസ്,3 പാരാ മെഡിക്കൽ ലൈസൻസ്) സഞ്ചയനപഞ്ചിന്റെ ഡാറ്റ പ്രകാരം ഓഡിറ്റ് സമയത്ത് തരിയോട് ഗ്രാമപഞ്ചായത്തിൽ താഴെ പറയും പ്രകാരമാണ് കെട്ടിടങ്ങളുള്ളത്

സി.നം	കെട്ടിടത്തിന്റെ ഉപയോഗ ക്രമം
1	വാണിജ്യാവശ്യത്തിനുള്ളവ 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ , ബേക്കറികൾ , ഭോജനശാല
2	വാണിജ്യാവശ്യത്തിനുള്ളവ 100 ചതുരശ്ര മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ , ഭോജനശാല
3	വാണിജ്യാവശ്യത്തിനുള്ളവ 200 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ
4	വാണിജ്യാവശ്യത്തിനുള്ളവ 200 ചതുരശ്രമീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ
5	വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ , പെട്രോൾ കിയോസ്കുകൾ , കമ്പ്യൂട്ടർ സെന്റർ, ഫുഡ്കോർട്ട് സ്റ്റുഡിയോ
6	അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജിംഗ് സിനിമ തിയേറ്റർ
7	വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ്
8	ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ
9	വിനോദാർത്ഥങ്ങൾ
10	സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ

2023 മാർച്ച് 31 വരെ മേൽ ആവശ്യങ്ങൾക്കുപയോഗിക്കുന്ന 109 കെട്ടിടങ്ങൾ പൊളിച്ച് നീക്കിയത് ഒഴിവാക്കിയതായും വ്യക്തമായിട്ടുണ്ട് 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ കെട്ടിടങ്ങളുണ്ടെങ്കിലും മേൽ പറഞ്ഞ ഉപയോഗക്രമങ്ങളിലുണ്ട്. 2022-23 സാമ്പത്തിക വർഷം 14 കെട്ടിടങ്ങൾ കിടക്കുന്നതായി പരിഗണിച്ച് നികുതി ഒഴിവാക്കിയിട്ടുണ്ട്.അതുകൂടി പരിഗണിച്ചാലും 1148 കെട്ടിടങ്ങ

ലൈസൻസ് നേടേണ്ട ആവശ്യങ്ങൾക്കായി ഉപയോഗിക്കപ്പെടുന്നുണ്ട്. ഒന്നിലധികം മുറികളിൽ പ്രവ സ്ഥാപനങ്ങളുടെ എണ്ണവും ഗ്രാമപഞ്ചായത്തിൽ നിന്ന് നികുതിയിളവ് നേടാതെ ഒഴിഞ്ഞ് കിടക്കുന്ന കെ എണ്ണവും പരിഗണിച്ചാലും 301 സ്ഥാപനങ്ങൾ മാത്രമേ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുള്ളൂ വിശ്വസനീയമല്ല.മേൽ വിഷയത്തിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് 100 ലൈസൻസ് ഫീസും ഈടാക്കിയിട്ടുള്ളതായാണ് അറിയിച്ചിട്ടുള്ളത്. ആയിരത്തിയിരുന്നൂറിലധികം ലൈസൻസ് നേടി പ്രവർത്തിക്കേണ്ട ഉപയോഗക്രമങ്ങളിലുള്ള ഗ്രാമപഞ്ചായത്തിൽ 301 സ്ഥാപനങ്ങളു ലൈസൻസ് ഫീസ് മാത്രം ലഭിക്കാനുള്ള കാരണം വിശദമാക്കുന്നതിനും ,ഗ്രാമപഞ്ചായത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് (ടേബിൾഡ് ലിസ്റ്റ്), ലൈസൻസ് നേടാതെ ഗ്രാമപഞ്ചായത്ത് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് സംശയിച്ച് ഗ്രാമപഞ്ചായത്ത് എന്തെങ്കിലും പരിശോധനകൾ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ രേഖകൾ എന്നിവ ഹാജരാക്കുന്നതിന് ഓഡിറ്റ് അ നമ്പർ 14/2022-23/04/09/2023 വഴി ആവശ്യപ്പെട്ടിരുന്നു.

മേൽ ഓഡിറ്റ് അന്വേഷണത്തിന് മുപടിയായി ഹെൽത്ത് ഇൻസ്പെക്ടർ ലൈസൻസ് നേടാതെ ഗ്രാമപ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് പരിശോധന നടത്തി വരുന്നതായി അറി 2023-24 സാമ്പത്തിക വർഷം തന്നെ ലൈസൻസ് എടുക്കാത്ത മുഴുവൻ സ്ഥാപനങ്ങളെയും കണ്ടെത്തി ലൈ എടുക്കുന്നതിന് നിർദ്ദേശം നൽകുന്നതാണെന്നും മേൽ പ്രക്രിയ പൂർത്തീകരിച്ച് ഇടപെടലുള്ള വി സ്ഥാപനങ്ങളുടെ കൃത്യമായ കണക്ക് ശേഖരിച്ച് കൃത്യതയുള്ള ടേബിൾഡ് ലിസ്റ്റ് തയ്യാറാക്കുന്നതാണെന്നുമു ലൈസൻസ് നേടിയ സ്ഥാപനങ്ങളുടെ എണ്ണത്തിന്റെ നാലിരട്ടിയിലധികം കെട്ടിടങ്ങൾ മുകളിൽ സൂചിപ്പി ലൈസൻസ് നേടേണ്ട പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുന്ന ഗ്രാമപഞ്ചായത്തിലുണ്ടെന്നതിൽ നിന്നും, കൃത്യതയുള്ള ടേബിൾഡ് ലിസ്റ്റ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടി നിന്നും ലൈസൻസ്,മൊഴിയിൽ നികുതി ഇനത്തിൽ വരു ഭരണകാര്യം കൃത്യമായ നേടിയിട്ടു ഗ്രാമപഞ്ചായത്തിന്റെ അവകാശ വാദം വിശ്വാസയോഗ്യമല്ല. മൊഴിയിൽ നികുതി, ലൈസൻസ് ഫീ വരവിനങ്ങളിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന നഷ്ടമായിട്ടുണ്ടാകാം. സാധ്യതയുണ്ട്. വാർഡ് തല പ നടത്തി അപാകതകൾ പരിഹരിച്ച് വരും സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ടേബിൾഡ് ലിസ്റ്റ് തയ്യാറ മേൽ ടേബിൾഡ് ലിസ്റ്റിലുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ്,മൊഴിയിൽ നികുതി ഈടാക്കേണ്ടതുമാണ്. മേൽ വിഷയത്തിലേക്ക് അതാ സമിതി, ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി എന്നിവ ക്കുന്നതാ.

1-18 വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല

01.04.2023 ലെ സ.ഉ.(കൈ) നം.77/2023/LSGD പ്രകാരമുള്ള പുതുക്കിയ വസ്തുനികുതി നിരക്കുകൾ പ്രാ നടപ്പാക്കിയിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 02/08/2023 ലെ 1-ാം നമ്പർ തീരുമാനപ്രകാരം വ പരിഷ്കരണത്തിനും , പുതിയ റോഡുകൾ തരം തിരിച്ച് മേലാടിസ്ഥാനത്തിൽ വിജ്ഞാപനം ചെയ്യുകയും കരട് വി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. 2023 വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി റോഡ് മാപ്പ് തയ്യാറ എങ്കിലും റോഡ് വികസനം നടത്തിയതിനാൽ റോഡിന്റെ തരംമാറ്റൽ നടത്തി മേലാ വിജ്ഞാപനം ചെ ഇതരത്തിൽ നിലവിലുള്ള കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്വെയറിൽ ചേർക്കുന്നതിന് നിർദേ നമ്പർ 6 മുതൽ 10 വരെയുള്ള പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല. ഇതരത്തിലുള്ള പ്രവ 30.06.2023 നകം പൂർത്തീകരിക്കേണ്ടതാണ്. വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ച് സമയ സോഫ്റ്റ് മാറ്റം വരുത്തിയതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. കൂടാതെ നിലവിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ സോഫ്റ്റ്വെയറിൽ ചേർക്കുന്നതിനുള്ള പ്രവർത്തികൾ ഊർജ്ജിതമാക്കി വസ്തുനികുതി പ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 ടാക്സ് ഓഡിറ്റ്

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹര കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ നടപ്പാക്കുന്നതിനുള്ള സർക്കാർ നിർദ്ദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07. ഡി.കെ.എസ്.എ.3883/ എസ്.എസ്. 3/2019 നമ്പർ കത്തിലെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ടാക്സ് ഓഡിറ്റുമായി ബന്ധപ്പെട്ട പരാമർശങ്ങ ചേർക്കുന്നു.

1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

1. തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുന്നില്ല

06.01.2022 മുതൽ 18.03.2023 വരെ ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 20 യോഗങ്ങൾ ചേ മിനുട്സ് പ്രകാരം യോഗങ്ങളിൽ ഒന്നും തന്നെ തന്നത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വി ചർച്ച ചെയ്യുകയോ, അതിലേക്കായി ഭരണ സമിതിക്ക് ശിപാർശ നൽകുകയോ ചെയ്തിട്ടില്ല. തനത് വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുന്നതും ഭരണസമിതിയിൽ അവതരിപ്പിച്ച് നടപ്പിലാക്കുന്നതിൽ ഗുരുതര വീഴ്ചയാണ്.

2. ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനത് വരുമാനം പിരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റും വർഷികക്കണക്ക് പ്രകാരമുള്ള വരവും അന്തരം ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ് പ്രകാരം(₹) A	വർഷിക കണക്ക് പ്രകാരമുള്ള വരവ്(₹)B	ബജറ്റും വരവും വ്യത്യാസം(₹) B-A
വസ്തു നികുതി(തൻവർഷം)	6000000	5429058	-570942
തൊഴിൽ നികുതി(തൻവർഷം)	100000	246130	-146130
Rental Income	300000	27165	(-)28835
Fee & User Charges	71900	1693537	975637
Sale & Hire Charges	65000	31600	(-)33400
Income From Investments	0	0	
Interest Earned	400000	438684	38684
Other Income	7500	0	(-)7500
തുകെ	8590400	9710174	519774

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് പ്രകാരം പിരിച്ചെടുക്കേണ്ട വരുമാനങ്ങളിൽ വസ്തുനികുതി സംബന്ധ മാത്രമാണ് നടന്നിട്ടുള്ളത്. മറ്റ് വരുമാനങ്ങളെ സംബന്ധിച്ച ചർച്ചകൾ നടത്തിയിട്ടില്ല.

3. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല.

1) 01.06.2022ലെ സ.ഉ(ഓക) നം.117/2022/LSGD പ്രകാരം വരവിനങ്ങളുടെ കുടിശ്ശികയും, കുടിശ്ശിക ഉ സൂചിപ്പിക്കണം എന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഇത്തരത്തിലുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല വരവിനങ്ങളിലുള്ളതുള്ള കുടിശ്ശികയും കാലയളവും സൂചിപ്പിക്കുന്ന രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിൽ അറിയിക്കേ

2) എല്ലാ പ്രാദേശിക സർക്കാരുകളും നികുതിവരുമാനത്തിന്റെ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറ മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേ നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം ഈ മാസത്തിലൊരിക്കൽ ഗ്രാമ വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും 01.06.2022ലെ സ.ഉ.(ഓക) നം.117/2022/LSGD പ്രകാരം നല്കിയിട്ടുണ്ട്. എന്നാൽ ഗ്രാമസഭ യോഗങ്ങളുടെ മിനിറ്റ്സ്, ഭരണ സമിതി യോഗങ്ങളുടെ മിനിറ്റ്സ് എന്നിവ ഇപ്രകാരമുള്ള അവലോകനം നടന്നിട്ടില്ല. മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് തനത് വരുമാനങ്ങളു ബി പുതിക തയ്യാറാക്കേണ്ടതും ഗ്രാമസഭകളിലും ഭരണ സമിതി യോഗങ്ങളിലും അവലോകനം നടത്ത ശ്രദ്ധിക്കേണ്ടതുമാണ്.

2)വസ്തു നികുതി പിരിവ്

1. ബജറ്റിലെ വരവും ഐ.എൽ.ജി.എം.എസ് വരവും സണ്ടായ(വസ്തു നികുതി) വരവ് തമ്മിൽ അന്തരം

ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ്, ഐ.എൽ.ജി.എം.എസ്, സണ്ടായ തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

ബജറ്റിലെ പ്രതീക്ഷിത വരവ്	ഐ.എൽ.ജി.എം.എസ് വരവ്	സണ്ടായ പ്രകാരമുള്ള LGMS, സണ്ടായ വരവുകൾ വ്യത്യാസം	
6000000	54,17,230	54,45,971	28741

വസ്തുനികുതി 100% പിരിച്ചെടുത്തിട്ടുണ്ട്.

2. പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ നടപ്പാക്കിയിട്ടില്ല

01.04.2023 ലെ പുതുക്കിയ വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. പുതുക്കിയ വ നിരക്കുകൾ പ്രാദേശിക നിന്പത്തിൽ കരട് വിജ്ഞാപനം നടത്തി (SC3- 2960/2023 /15.08.2023) ആ ക്ഷണിച്ചിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ്വെയർ അപ്ഡേഷൻ നടത്തി നിലവിലെ കെട്ടിടങ്ങളുടെ നികുതി 5% വർദ്ധിപ്പിച്ചിട്ടുണ്ട്

3.സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം (Other Reports - Data Purification Details) ആകെയുള്ള 4346 കെ Operator Pending ൽ 8 എണ്ണവും, Approver Pending ൽ 13 എണ്ണവും ഉൾപ്പെടെ 21 കെട്ടിടങ്ങളു പൂർണ്ണമായ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തതായി കാണപ്പെടുകയാണ്. പരിശീലനം ലഭിച്ച ജീ കെട്ടിടങ്ങൾക്ക് നികുതിയിടുവാൻ കഴിയുന്നതല്ല. അതിനാൽ പുതിയതായി ചേർത്ത കെട്ടിടങ്ങൾക്ക് നികുതിയിടുവാൻ കഴിയുന്നില്ല. ഇത്തരത്തിൽ 0 സഞ്ചയസോഫ്റ്റ്വെയറിൽ നികുതിയായി നിലവിലുള്ളത്. (ബന്ധിക I-II കാണുക).ആയതിനാൽ പൂർണ്ണമായ പ്യൂരിഫിക്കേഷൻ പൂർണ്ണമാണോ എന്ന് വ്യക്തമല്ല.

4.സ്കൂൾ, ഹോസ്റ്റൽ/ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിേ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ടെമ്പിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ്, എംഎസ്എംഇ യൂണിറ്റുകൾ, ആയുർവ്വേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ/റിസോർട്ടുകൾ എന്നീ കെട്ടിടങ്ങൾക്ക് എസ്ഥ 100/2015(സ.ഉ(ആ)നം.36/2015/ത.സ്വ.ഭ.വ തീയതി 24/02/2015) പ്രകാരമുള്ള നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. റസി ഹോം സ്റ്റേയും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്.

